ചായ്പോം ഗവൺമെൻറ് ഹൈസ്കൂളിന് സ്ഥിരം കെട്ടിടം

933 [1120] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് താലൂക്കിൽ കിണാവൂർ കരിന്തളം പഞ്ചായത്തിൽ ചായ്പോം ഗവൺമെൻറ് ഹൈസ്കൂളിൽ സ്ഥിരം കെട്ടിടം ഉണ്ടാക്കുവാൻ അദ്ധ്യാപക രക്ഷാകർത്തൃ സമിതി പണം കെട്ടിവച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളിന് കെട്ടിടം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിടം ഉണ്ടാക്കുന്നില്ലെങ്കിൽ പണം തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 15,000 രൂപ കെട്ടിവെച്ചിട്ടുണ്ട്.

(ബി) 15,000 രൂപയ്ക്ക് കെട്ടിടം പണിയുന്നതിന് നിവർത്തിയില്ലാത്തതിനാൽ കൂടുതൽ തുക ചെലവാക്കി ഒരു വിസ്തൃതമായ കെട്ടിടം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നാലേകാൽ ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു കെട്ടിടത്തിന് 1983-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനാൽ പണം തിരികെ കൊടുക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

ശ്രീകാര്യം ഗവൺമെൻറ് യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി

934 [1121] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകാര്യം ഗവൺമെൻറ് യു. പി. എസ്. അപ്ഗ്രേഡ് ചെയ്തുകൊണ്ടുള്ള ഗവൺമെൻറ് തിരുമാനം നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പേരൻറ്-ടീച്ചേഴ്സ് അസോസിയേഷൻ സ്പോൺസറിംഗ് കമ്മറ്റിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നിവേദനം നടത്തിയിട്ടുണ്ടോ ;

(ബി) അവർ തന്ന മെമ്മോറാണ്ടത്തിലെ വിവരങ്ങൾ എന്തൊക്കെയാണ് ;

(സി) അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മെമ്മോറാണ്ഡത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. *

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീകാര്യം ഗവൺമെന്റ് അപ്പർ പ്രൈമറിസ്കൂൾ ഹൈസ്കൂൾ ആക്കാൻ നടപടി

935 [1122] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഗവൺമെന്റ് എൽ. പി. സ്കൂളുകൾ യു. പി. സ്കൂളായും യു. പി. സ്കൂളുകൾ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്യുന്നതിന് സ്പോൺസറിംഗ് കമ്മിറ്റികൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) 1985-ൽ ഇത്തരം വ്യവസ്ഥകൾക്ക് വിധേയമായി എത്ര യു. പി. സ്കൂളുകളാണ് ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്തത്.

(സി) ശ്രീകാര്യം ഗവൺമെന്റ് യു. പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ നിയമ പ്രകാരം എൽ. പി. സ്കൂളിനും എൽ. പി. ഇല്ലാത്ത യു. പി. സ്കൂളിനും ഒരേക്കർ സ്ഥലവും എൽ. പി. വിഭാഗം ഉള്ള യു. പി. സ്കൂളിന് ഒന്നര ഏക്കർ സ്ഥലവും ഹൈസ്കൂളിന് മൂന്നേക്കർ സ്ഥലവും ആവശ്യമാണ്. സർക്കാർ സ്കൂളുകൾ, അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ സർക്കാർ സ്കൂളുകൾ അനുവദിക്കുന്നതിനും മേൽ പറഞ്ഞ നിബന്ധനകൾ ബാധകമാണ്. ഒരു പൊതുനയം എന്ന നിലയിൽ ഗവൺമെന്റു സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ പുതിയവ തുടങ്ങുന്നതിനോ ബന്ധപ്പെട്ട സ്പോൺസറിംഗ് കമ്മിറ്റികൾ ആവശ്യമായ സ്ഥലവും കെട്ടിടവും ഫർണിച്ചർ തുടങ്ങിയവയും നൽകണമെന്ന് 10-9-84-ൽ ജി. ഒ. എം. എസ്. 908/84/പൊ. വി. പ്രകാരം നിർദ്ദേശിക്കുന്നുണ്ട്. ഗവൺമെന്റു ഭൂമിയിലുള്ള സ്ഥലങ്ങളിൽ സ്കൂളിനു കൈ മാറേണ്ട സ്ഥലത്തിന്റെ മാർക്കറ്റ് വില സ്പോൺസറിംഗ് കമ്മിറ്റികൾ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഒരു യു. പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(സി, ഡി) 6-7-84-ലെ ജി. ഒ. എം. എസ്. 124/84/പൊ. വി. പ്രകാരം ശ്രീകാര്യം ഗവൺമെന്റ് യു. പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly